## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3828** **27-06-2024 - ൽ മറുപടിയ്ക്ക്**

## കുന്നത്തുനാട് മണ്ഡലത്തിലെ മൃഗസംരക്ഷണ/ക്ഷീരവികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (എ) | **മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**<br><br>അടിയന്തിര രാത്രികാല വെറ്ററിനറി സേവനം പദ്ധതി, കുന്നത്തുനാട് മണ്ഡലത്തിലെ കോലഞ്ചേരി, കിഴക്കമ്പലം എന്നീ മൃഗാശുപത്രികളിൽ നടപ്പാക്കുന്നുണ്ട്. മഞ്ഞപ്പെട്ടി, വെണ്ണിക്കുളം, കോലഞ്ചേരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ SLBP SCHEME (പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി) നടപ്പാക്കുന്നുണ്ട്.<br><br>2023 ജൂലൈ മാസം മുതൽ കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് ബ്ലോക്കിനു കീഴിൽ കോലഞ്ചേരി വെറ്ററിനറി ഹോസ്പിറ്റലിൽ എറണാകുളം ജില്ലാ പഞ്ചായത്തുമായി സംയുക്തമായി സഹകരിച്ച് ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പാക്കുന്നുണ്ട്.<br><br>**ക്ഷീരവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**<br><br>1.തീറ്റപ്പുൽകൃഷി വികസന പദ്ധതി<br><br>2.മിൽക്ക് ഷെഡ് വികസന പദ്ധതി<br><br>3.ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി<br><br>4.ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സേവനങ്ങളും<br><br>5.ക്ഷീരസംഘങ്ങൾക്കുള്ള കാലിത്തീറ്റ ധനസഹായ പദ്ധതി<br><br>6.മിൽക്ക് ഇൻസെന്റീവ് പദ്ധതി<br><br>7.എൽ.എസ്.ജി.ഡി പദ്ധതികൾ |

| | | | |
|---|---|---|---|
| (ബി) | അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദാംശവും വ്യക്തമാക്കാമോ? | (ബി) | **മൃഗസംരക്ഷണ വകുപ്പ് -**<br><br>കിഴക്കമ്പലം, കോലഞ്ചേരി എന്നീ മൃഗാശുപത്രികൾ ഉൾപ്പെടുന്ന ബ്ലോക്ക് പരിധിയിൽ അടിയന്തിര രാത്രികാല വെറ്ററിനറി സേവനം പദ്ധതി പ്രകാരം രാത്രികാലങ്ങളിൽ കർഷകർക്ക് മൃഗചികിത്സാ സേവനങ്ങൾ നൽകുന്നതിന് വൈകുന്നേരം 6 മണി മുതൽ പിറ്റേ ദിവസം രാവിലെ 6 മണി വരെ വെറ്ററിനറി സേവനം ലഭിക്കുന്നതാണ്.<br><br>കുന്നത്തുനാട് മണ്ഡലത്തിലെ മഞ്ഞപ്പെട്ടി, വെണ്ണിക്കുളം, കോലഞ്ചേരി എന്നിവിടങ്ങളിൽ SLBP SCHME - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ കന്നുകുട്ടികൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റ നല്കി വരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഴുവൻ ചിലവും വഹിച്ച് മൃഗസംരക്ഷണവകുപ്പ് വഴി പശുക്കുട്ടികളുടെ ശാസ്ത്രീയ പരിചരണത്തിനായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.<br><br>2023 ജൂലൈ മാസം മുതൽ കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് ബ്ലോക്കിനു കീഴിൽ കോലഞ്ചേരി വെറ്ററിനറി ഹോസ്പിറ്റൽ എറണാകുളം ജില്ലാ പഞ്ചായത്തുമായി സംയുക്തമായി സഹകരിച്ച് ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി തുടർന്നു വരുന്നു. ടി സ്ഥാപനത്തിൽ നിലവിൽ 1134 വന്ധീകരണ ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്.<br><br>**ക്ഷീരവികസന വകുപ്പ്**<br><br>കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ വകുപ്പ് പദ്ധതികൾക്കായി 36,50,904/- രൂപയും എൽ.എസ്.ജി.ഡി പദ്ധതികൾക്കായി 1,19,87,566/- രൂപയും 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തെ വകുപ്പുതല പദ്ധതി പ്രവർത്തനങ്ങൾ കുന്നത്തുനാട് മണ്ഡലത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതികൾക്കായി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ എറണാകുളം ജില്ലയ്ക്ക് അനുവദിക്കപ്പെടുന്ന ആകെ ഭൗതിക ലക്ഷ്യത്തിന് ആനുപാതികമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പാലിന് സബ്സിഡിയായി 1,15,50,000/- രൂപയും |

| | | | |
|---|---|---|---|
| | | | കാലിത്തീറ്റ സബ്സിഡിയായി 70,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ